## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 13-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **3044**

# മാരിടൈം ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) മാരിടൈം മേഖലയിലെ വിവിധ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും തീരസംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിനും മാരിടൈം ബോർഡിന്റെ രൂപീകരണം എത്ര മാത്രം സഹായകമായി എന്ന് വിശദീകരിക്കുമോ;<br><br>(ബി) തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കുവാൻ മാരിടൈം ബോർഡിന്റെ രൂപീകരണം കൊണ്ട് സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) യും (ബി) യും ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണപ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മുഖേന നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റു നിയമങ്ങൾ നടപ്പിലാക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും, നിയമപരവുമായ ചുമതല നിർവ്വഹിക്കൽ എന്നിവ മാരിടൈം ബോർഡിന്റെ രൂപീകരണം കൊണ്ട് സാധ്യമാകും. മാരിടൈം ബോർഡ് നിലവിൽ വന്ന സാഹചര്യത്തിൽ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് ഉപരിതല ജലഗതാഗത മേഖലയിലെ പല പദ്ധതികളും കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡിന് സാദ്ധ്യമാകും. ഇതിനായി ഇന്ത്യൻ നേവി , തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്. |
| (സി) ഇതുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ? | (സി) 02/2/2018 ലെ സ.ഉ (കൈ) നമ്പർ 1/2018/മതുവ പ്രകാരം കേരളാ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ